

എടത്തല അൽഅമീൻ കോളജ് കൊമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള 'പുസ്തക സഞ്ചി' ഓൺലൈൻ വിപണനം എസ്ഒഎസ് ഡയറക്ടർ സി. ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.



ംത്തിലെ നവീകരിച്ച സഭാ
ദ്ഘാടനം ചെയ്യുന്നു.

# 'പുസ്തക സഞ്ചി' വിപണനം

എടത്തല● എസ്ഒഎസ് ഗ്രാമത്തിലെ കുട്ടികൾക്കു പഠന സൗകര്യങ്ങൾ ഒരുക്കാൻ അൽഅമീൻ കോളജ് കൊമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'പുസ്തക സഞ്ചി' ഓൺലൈൻ വിപണനം തുടങ്ങി.

സ്കൂൾ, കോളജ് വിദ്യാർഥികൾക്ക് ആവശ്യമായ ബാഗ്, കുട, പുസ്തകങ്ങൾ, പേന തുടങ്ങിയവ ഓൺലൈൻ വഴി വിൽപന നടത്തി കിട്ടുന്ന ലാഭമാണ് ഇതിനു വിനിയോഗിക്കുക. pusthaka_sanji_20_21 എന്ന ഇൻസ്റ്റഗ്രാം പേജും Pusthakasanji 20-21 എന്ന ഫെയ്സ്ബുക് പേജും വഴിയാണ് ഓർഡർ സ്വീകരിക്കുന്നത്. എടത്തല സഹകരണ ബാങ്കിന്റെ ചൂണ്ടി ശാഖാ മന്ദിരത്തിൽ പുസ്തക സഞ്ചി എന്ന പേരിൽ നേരത്തേ പ്രവർത്തിച്ചിരുന്ന താൽക്കാലിക കടയുടെ തുടർച്ചയാണ് ഈ പദ്ധതി. എസ്ഒഎസ് ഡയറക്ടർ സി. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ അധ്യക്ഷത വഹിച്ചു.

പ്രഫ. കെ.ആർ. ഡാലി, ഡോ. ലീന വർഗീസ്, പ്രഫ. നിഷ ജോസഫ്, പ്രഫ. ഷെമീന ഹംസ, പ്രഫ. ഷഹനൂർ ബീഗം, കോഓർഡിനേറ്റർ ആന്റണി എന്നിവർ പങ്കെടുത്തു.